വടകര ഫയർ സ്റ്റേഷനിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കാൻ നടപടി

79 [84] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ ഏക ഫയർ സ്റ്റേഷനായ വടകര ഫയർ സ്റ്റേഷനിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ;

(ബി) വടകര ഫയർ സ്റ്റേഷനിൽ നിന്ന് മുൻപ് മറ്റൊരു ഫയർ സ്റ്റേഷനിലേക്ക് മാറ്റിയ എമർജൻസി ടെണ്ടർ എത്രയും പെട്ടെന്ന് വടകര ഫയർ സ്റ്റേഷനിലേയ്ക്ക് അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ആധുനിക ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(ബി) വടകര ഫയർ ആന്റ് റെസക്യൂ സ്റ്റേഷനിൽ ഇൻസിഡന്റ് കാളുകൾ കുറഞ്ഞപ്പോഴാണ് അവിടെനിന്നും എമർജൻസി ടെണ്ടർ മാറ്റിയത്. പുതിയ എമർജൻസി ടെണ്ടർ വാങ്ങുമ്പോൾ വടകര ഫയർ സ്റ്റേഷനിൽ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പട്ടാമ്പി ഫയർ സ്റ്റേഷൻ

80 [85] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്ന് സ്ഥലം അനുവദിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫയർ സ്റ്റേഷനു സ്ഥലം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ ഫയർ സ്റ്റേഷൻ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചു ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) താൽക്കാലികമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള കെട്ടിടവും, ഗ്യാരേജും മറ്റ് സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly